**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*76.** **05.02.2020 ൽ മറുപടിയ്ക്ക്**

**ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.ടി.വി.ഇബ്രാഹിം**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനും ആന്റി-നാർകോർട്ടിക്സ് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഗവൺമെൻറ് അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷനായുള്ള ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും ആയത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വനമേഖലയിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിനായി ആർ.പി.എഫ്.-ന്റെയും ഏകോപനം KANSAF നടത്തി വരുന്നു. ടി പ്രവർത്തനങ്ങളുടെ ഫലമായി ലഹരിവസ്തുക്കൾ കണ്ടെത്തുന്നതിനും ആയതിൽ പങ്കാളികളായിട്ടുള്ളവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും കഴിയുന്നു. |
| (ബി) | ഇവരുടെ പ്രവർത്തനം മൂലം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എത്രത്തോളം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**